# Varghese Puthuparampil CMI, Vicar General, Eparchy of Chanda

## മിസ്റ്റിക്കിൻെറ പിന്നാമ്പുറങ്ങളിൽ



വിനീതച്ചൻ എൻെറയും ഗുരുവാണ്. എന്നാൽ അദ്ദേഹവുമായി വലിയ അടുത്ത വ്യക്തിപരമായ ബന്ധം 2002 വരെ ഉണ്ടായിരുന്നില്ല. Zen Buddihism ലെ ഉപരിപഠനം കഴിഞ്ഞ് Dharsana Wardha യിൽ തിരിച്ചെത്തിയ ശേഷം പല അവസരങ്ങളിൽ ഞങ്ങൾ Contactൽ ആകുകയും അദ്ദേഹം Zen നെ കുറിച്ചും, Japaneese Cultureനെ കുറിച്ചും ധാരാളം ചർച്ചകൾ ചെയ്യുമായിരുന്നു. അദ്ദേഹം പിന്നീട് തുടങ്ങാൻ plan ചെയ്തിരുന്ന Encyclopedia of Religious Concepts' എന്ന Projectലെ Buddhism section എന്നെ ഏൽപിക്കുകയും ചെയ്തു. ഈ Project മായി ബന്ധ്പ്പെട്ട് ഞങ്ങൾ ധാരളം Phone വിളികളും കത്തുകളും കൈമാറി. ഒരു കത്തിൻെറ അവസാനത്തിൽ അദ്ദേഹം എഴുതി: “എന്നാണ് ബാംഗ്ലൂരിന് വരുന്നത്, കാണാൻ കൊതിയാവുന്നു” എന്ന്. ഇത് എന്നെ വളരെയധികം സ്പർശിച്ചു. ഇത് ഒരു ഭംഗിവാക്കായി ഞാൻ കരുതുന്നില്ല. കാരണം കഴിഞ്ഞ ഏതാനും വർഷത്തെ ഞങ്ങൾ തമ്മിലുള്ള ഇടപെടലുകളിൽ പലപ്പോഴെങ്കിലും അദ്ദേഹം തൻെറ ബൌദ്ധിക, Metaphysical തലങ്ങൾ വിട്ട് ഒരു സാധാരണ മനുഷ്യൻെറ സ്നേഹിക്കാനും സ്നേഹിക്കപ്പെടാനുമുള്ള നൈസർഗീകമായ ആഗ്രഹം തൻെറ ഇടപെടലുകളിൽ അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. വലിയ ഒരു മിസ്റ്റിക്കിൻെറ പിന്നാമ്പുറങ്ങളിൽ ഒരു സാധാരണ മനുഷ്യനും ഉണ്ടായിരുന്നു. ഇങ്ങനെ എല്ലാവിധത്തിലും നല്ലൊരു ഗുരുവായ വിനീതച്ചനെ അഗാധമായ നന്ദിയോടെ നമിക്കുന്നു.

